"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ഗിരീഷ്.സിയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.101/2025/LSGD തീയതി,തിരുവനന്തപുരം, 10-01-2025

പരാമർശം:-
1. ശ്രീ.ഗിരീഷ്.സി സമർപ്പിച്ച 18.01.2024 തീയതിയിലെ ശൂന്യവേതനാവധി അപേക്ഷ
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 30.04.2024 ലെ LSGD/PD/39229/2023-DEF3 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ഗിരീഷ്.സി 01-11-2022 മുതൽ 30-12-2023 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതന അവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി അപേക്ഷകൾ രണ്ടാം വൈദ്യപരിശോധനയ്ക്ക് അവസരം നഷ്ടമാകാത്ത വിധം വകുപ്പധ്യക്ഷൻ സർക്കാരിൽ എത്തിക്കണമെന്ന് 14.06.1994 ലെ സർക്കുലർ നം.36/94/ധന യിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ രണ്ടാം വൈദ്യ പരിശോധനയ്ക്കുള്ള അവസരം നഷ്ടമായിട്ടുള്ളതും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സാധുത ഇനി പരിശോധിക്കാനാകാത്തതുമാണ്. മേൽ സാഹചര്യത്തിൽ ശ്രീ.ഗിരീഷ് സി-യ്ക്ക് 01.11.2022 മുതൽ 30.12.2023 വരെ (31.12.2023 പിൻ ചേർത്ത്), ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

സെക്രട്ടറി, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ

ശ്രീ.ഗിരീഷ്.സി, ഓഫീസ് അറ്റൻഡന്റ്, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 10-01-2025 12:35:32
സെക്ഷൻ ഓഫീസർ